"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. പ്രോ 2ബി/6/2025-പൊ.ഭ.വ.
പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-06-2025

## സർക്കുലർ

വിഷയം:- പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് - സർക്കാർ അതിഥി മന്ദിരങ്ങളിലെ കോൺഫറൻസ് ഹാൾ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 27.11.2017 തീയതിയിലെ സ.ഉ. (കൈ) 354/2017/പൊ.ഭ.വ. ഉത്തരവ്

*********************

കേരളത്തിലെ സർക്കാർ അതിഥി മന്ദിരങ്ങളിലെ കോൺഫറൻസ് ഹാളുകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിന് കീഴിലുള്ള വിവിധ പൊതുമേഖല സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ കമ്മീഷനുകൾ, കമ്മിറ്റികൾ എന്നിവയുടെ ഔദ്യോഗിക മീറ്റിംങ്ങുകൾക്കായി അനുവദിച്ച് വരുന്നു. കമ്മീഷനുകൾ/കമ്മിറ്റികൾ എന്നിവ നടത്തുന്ന സാക്ഷി വിസ്താരം പോലെ ഉയർന്ന പ്രാധിനിത്യമുള്ള യോഗങ്ങൾക്ക് ഹാളുകൾ അനുവദിക്കാൻ പാടില്ലായെന്നും ഹാളുകളിലെ മീറ്റിങ്ങുകൾ കാരണം അതിഥി മന്ദിരങ്ങളിൽ താമസിക്കുന്ന അതിഥികൾക്ക് അസൗകര്യം നേരിടരുതെന്നും സൂചന ഉത്തരവിൽ കർശനമായി നിർദ്ദേശിച്ചിരുന്നു.

എന്നാൽ സമീപ കാലത്തായി സർക്കാരിന്റെ വിവിധ കമ്മിറ്റികളുടെയും വിവിധ കമ്മീഷനുകളുടെയും ലോകായുക്ത, ഓംബുഡ്സ്മാൻ മുതലായ അർദ്ധ നീതിന്യായ സ്വഭാവമുള്ള സ്ഥാപനങ്ങളുടെ മീറ്റിങ്ങുകൾ, സെമിനാറുകൾ, സിറ്റിങ്, ട്രെയിനിങ് എന്നിവ നടത്തുമ്പോൾ ക്രമാതീതമായ എണ്ണത്തിൽ ആളുകൾ പങ്കെടുക്കുകയും അതിഥി മന്ദിരത്തിൽ താമസിക്കുന്ന വിശിഷ്ട/അതിവിശിഷ്ട അതിഥികർക്ക് അസൗകര്യം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 2025 **ജൂലൈ 14 മുതൽ** സർക്കാരിന്റെ വിവിധ കമ്മിറ്റികളുടെയും വിവിധ കമ്മീഷനുകളുടെയും ലോകായുക്ത, ഓംബുഡ്സ്മാൻ എന്നിവരടക്കമുള്ള അർദ്ധ നീതിന്യായ സ്വഭാവമുള്ള സ്ഥാപനങ്ങളുടെ അദാലത്തുകൾ, ഹിയറിങ്ങുകൾ എന്നിവ നടത്തുന്നതിനായി സർക്കാർ അതിഥി മന്ദിരങ്ങളിലെ കോൺഫറൻസ് ഹാളുകൾ അനുവദിക്കുന്നതല്ലായെന്നും ടി

സ്ഥാപനങ്ങളുടെ അദാലത്ത്, ഹിയറിംഗ്, കമ്മീഷൻ സിറ്റിംഗ്, തെളിവെടുപ്പ് ഉൾപ്പെടെയുള്ള പരിപാടികൾ അനുയോജ്യമായ മറ്റേതെങ്കിലും സ്ഥാപനങ്ങളിലോ അതതു ജില്ലകളിലെ കളക്ടറേറ്റ് കോൺഫറൻസ് ഹാളുകളിലോ വെച്ച് നടത്തേണ്ടതാണെന്നും അറിയിക്കുന്നു.

കെ ബിജു ഐ എ എസ്

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Hari. P. Nair
Date: 25-06-2025 18:22:20
**സെക്ഷൻ ഓഫീസർ**

പകർപ്പ് :-

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ സർക്കാർ കമ്മീഷനുകളുടെയും ചെയർമാൻമാർക്ക്
എല്ലാ സർക്കാർ കമ്മിറ്റികളുടെയും ചെയർമാൻമാർക്ക്
എല്ലാ പൊതുമേഖല സ്ഥാപനങ്ങളുടെയും മേധാവിമാർക്ക്
ലോകായുക്ത/ഉപലോകായുക്ത/ഓംബുഡ്സ്മാൻ മേധാവിമാർക്ക്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(വിപുലമായപ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ സർക്കാർ അതിഥി മന്ദിരങ്ങളിലെയും മാനേജർമാർക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി